FRIDAY  വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR  Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/09/2023.

1. പി എം കിസാൻ പദ്ധതി 15 ആം ഗഡു ലഭിക്കാൻ ബാങ്ക് അക്കൗണ്ട്, ഇ കെ വൈസി, പി എഫ് എം എസ്, ഡയറക്റ്റ് ബെനഫിറ്റ് ട്രാൻസ്ഫറിന് ബാങ്ക് അക്കൗണ്ട് സജ്ജീകരിക്കുക തുടങ്ങിയ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഈ നടപടികൾ പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ അടുത്തുള്ള പോസ്റ്റ് ഓഫീസ് സന്ദർശിച്ച് ഇന്ത്യ പോസ്റ്റ് പെയ്മെന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിലൂടെ ആനുകൂല്യം ലഭിക്കാനുള്ള നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. അവസാന തീയതി സെപ്റ്റംബർ 30.

2. നെൽപാടങ്ങൾക്കു ഭീഷണിയായി മുഞ്ഞയുടെ ആക്രമണം അധികരിച്ചുവരുന്നു. മുഞ്ഞയുടെ ആക്രമണം വിളവിനെ കാര്യമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ പാടശേഖരങ്ങളിൽ കൃത്യമായ നിയന്ത്രണ മാർഗങ്ങൾ അവലംബിച്ചുകൊണ്ടു കർഷകർ ജാഗ്രത പാലിക്കണമെന്ന് കൃഷി വിജ്ഞാനകേന്ദ്രം മുന്നറിയിപ്പ് നൽകി. നെൽച്ചെടികളെ ആക്രമിക്കുന്ന കറുപ്പോ വെളുപ്പോ നിറത്തിലുള്ള ചെറിയ പ്രാണികളാണ് മുഞ്ഞ. കൂട്ടമായി ചെടിയെ ആക്രമിക്കുന്ന ഇവ ചെടിയുടെ കടഭാഗത്തു ഇരുന്നു നീരൂറ്റിക്കുടിക്കുന്നതിനാൽ ചെടികൾ വാടികരിഞ്ഞുപോകുന്നു. നെൽപ്പാടങ്ങളിൽ വൃത്താകൃതിയിൽ നെൽച്ചെടികൾ കരിഞ്ഞുകാണപ്പെടുന്നതാണ് ഇതിന്റെ ആദ്യലക്ഷണം. ഈ സമയത്തു കടഭാഗങ്ങളിൽ നോക്കിയാൽ ചെറിയ പ്രാണികൾ നീരൂറ്റിക്കുടിക്കുന്നതുകാണാം. 75 കിലോ അറക്കപ്പൊടിക്ക് 3 ലിറ്റർ മണ്ണെണ്ണ അല്ലെങ്കിൽ കരി ഓയിൽ ചേർത്ത് ഒരുഏക്കർ പാടത്തുവിതറിക്കൊടുക്കുക. അന്തർ വ്യാപനശേഷിയുള്ള കീടനാശിനികളായ അസഫേറ്റ് 1.5 ഗ്രാം/ ലിറ്റർഅല്ലെങ്കിൽ തയാമെതോക്സാം 2 ഗ്രാം/ 10 ലിറ്റർ വെള്ളത്തിൽ കലക്കിതളിച്ച്കൊടുക്കുക.

3. WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ പാളയത്തെ സിറ്റി കോർപ്പറേഷൻ കൃഷി ഭവനിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷി ഭവനുമായി 6282904245 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. വി എച്ച് എസ് സി, കൃഷി സർട്ടിഫിക്കറ്റ് കൃഷി അല്ലെങ്കിൽ ജൈവകൃഷിയിൽ ഡിപ്ലോമ സർട്ടിഫിക്കറ്റ് എന്നിവയുള്ളവർക്ക് കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിന് അപേക്ഷിക്കാം. www.keralaagriculture.gov.in ൽ സെപ്റ്റംബർ 28 നകം അപേക്ഷിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇൻസെന്റീവ് ആയി പ്രതിമാസം 5000 രൂപ ലഭിക്കുന്നതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന ഫോറസ്ട്രി കോളേജിലെ ഫോറസ്റ് റിസോർസ് മാനേജ്മെന്റ്, സിൽവികൾച്ചർ ആൻഡ് ആഗ്രോഫോറസ്ട്രി വിഭാഗങ്ങളിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുകളുണ്ട് .അപേക്ഷകൾ 28.09.2023 നു മുമ്പായി deanforestry@kau.in എന്ന ഇമെയിൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 29.09.2023 രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾ www.kau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

6. 2023 ലോക പേവിഷ ദിനാചരണത്തോടനുബന്ധിച്ച് ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ സംസ്ഥാനതല സെമിനാറും റാബീസ് ബോധവൽക്കരണ ഓട്ടവും സെപ്റ്റംബർ 28ന് ആലപ്പുഴ ബീച്ചിൽ വച്ച് സംഘടിപ്പിക്കുന്നു. രണ്ട് മണിമുതൽ 3. 30 വരെയാണ് സെമിനാർ. വൈകിട്ട് 4 മണി മുതൽ 7 മണി വരെ നടക്കുന്ന റാബീസ് അവയർനസ് ഓട്ടത്തിൽ അരുമ മൃഗങ്ങളെയും കൂട്ടാവുന്നതാണ്.

7. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പശു യൂണിറ്റ്, വ്യക്തിഗത വാണിജ്യ ഡയറി ഫാമുകൾക്കും, യുവാക്കൾക്കായുള്ള സ്മാർട്ട് ഡയറി ഫാമുകൾക്കും ക്ഷീരലയം (തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), ക്ഷീരതീരം (മത്സ്യ/ കയർ മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), കാലി തൊഴുത്ത് നിർമ്മാണം, ഡെയറി ഫാം ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, വാണിജ്യ അടിസ്ഥാനത്തിലുള്ള ഫാമുകൾ എന്നിവയ്ക്കായി ധനസഹായം നൽകുന്നു. താല്പര്യമുള്ളവർക്ക് ക്ഷീരശ്രീ പോട്ടൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

8. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് 140 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംങ്ങിനുമായി 10 മണി മുതൽ 4 വരെ 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

9. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിൽ പുനലൂരിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഫുഡ്സ് പ്രോഡക്സിൽ മാംഗോ ജ്യൂസ്, പൈനാപ്പിൾ സിറപ്പ്, ജാം, അച്ചാറുകൾ, തേനിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്നു. ***"ജ്യോതി"*** എന്ന ബ്രാൻഡിൽ

വിപണിയിൽ ഇറക്കുന്ന ഈ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കേരളത്തിലുടനീളം വിതരണക്കാരെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0471 2471343, 2471344, 2471345 എന്നീ ഫോൺനമ്പരുകളിലോ mdofficekaic@gmail.com എന്ന ഇ- മെയിലിലോ, www.keralaagro.com എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

10. കേരളസർക്കാരിന്റെ റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ സംശയങ്ങൾക്ക് ഇന്ന് (സെപ്റ്റംബർ 22) ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഫോണിലൂടെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 04812576622.

11. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിനായി വെറ്റിനറി മരുന്നുകൾ 2023- 24 വർഷത്തിൽ വിതരണം നടത്തുന്നതിന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസ്സുകൾ ക്ഷണിക്കുന്നു. ദർഘാസ്സുകൾ സൂപ്രണ്ട്, ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയക്കേണ്ടതും ദർഘാസ്സിന് പുറത്ത് **മരുന്നുകൾ വിതരണം നടത്തുന്നതിനുള്ള ദർഘാസ്സ് 2023-24 എന്ന് രേഖപ്പെടുത്തേണ്ടതുമാണ്.** ദർഘാസ്സുകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 28 രാവിലെ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962, 9446806247 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

12. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ മാസം 25ന് പോത്തുവളർത്തൽ എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. താൽപര്യമുള്ള കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ സെപ്റ്റംബർ 23ന് മുൻപ് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2763473